
Embrace HOLIDAYS
4 N 5D
AJANTA ELLORA
Itinerary
അജന്ത-എല്ലോറ യാത്ര
4 രാത്രി / 5 പകൽ
നാസിക്ക് - ഷിർദ്ദി -എല്ലോറ - ഔറംഗബാദ് - അജന്ത




# അജന്ത-എല്ലോറ യാത്ര

## നാസിക്-ഷിർദ്ദി-എല്ലോറ-ഔറംഗബാദ്-അജന്ത

**4 രാത്രി / 5 പകൽ**

### ദിവസം 1

**നാസിക്കിൽ എത്തിച്ചേരുന്നു**

മുംബൈയിൽ വിമാനമാർഗ്ഗം എത്തിയ ശേഷം അവിടെ നിന്നും റോഡ് വഴി നാസിക്കിലേക്ക്. ഹോട്ടലിൽ ചെക്ക് ഇൻ ചെയ്യുന്നു. ഈ ദിവസം ദൂരയാത്രകൾ ഇല്ല. വൈകിട്ട് നാസിക് നഗരത്തിലെ കാഴ്ചകൾ കാണാനായി പുറത്തിറങ്ങാം. രാത്രി ഹോട്ടലിൽ  ഡിന്നർ, താമസം.



### നാസിക്


ജനസംഖ്യ 2.2 ദശലക്ഷം. സ്ഥാനം മുംബൈയിൽ നിന്നും വടക്കുകിഴക്കായി 165 കിലോമീറ്റർ. പൂനയിൽ നിന്നും വടക്ക് ഭാഗത്തായി 210 കിലോമീറ്റർ.

മുംബൈ, പൂന, നാസിക് പ്രദേശം മഹാരാഷ്ട്ടയുടെ ഗോൾഡൻ ട്രയാംഗിൾ എന്നാണ് അറിയപ്പെടുന്നത്.

ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന 90 ശതമാനം വൈനും നാസിക് താഴ്വരകളിൽ നിന്നാണ്. ഇന്ത്യയുടെ വൈൻ തലസ്ഥാനം എന്നാണ് ഈ പ്രദേശം അറിയപ്പെടുന്നത്.

12 വർഷത്തിലൊരിക്കൽ കുംഭമേള നടക്കുന്ന ഒരു ഹിന്ദു തീർത്ഥാടന കേന്ദ്രമാണ് നാസിക്.

മൂക്ക് എന്ന് അർത്ഥം വരുന്ന നാസിക എന്ന സംസ്കൃത പദത്തിൽ നിന്നാണ് നാസിക് എന്ന പേര് ആവിർഭവിച്ചത്. രാമായണകഥ പ്രകാരം ഗോദാവരി നദീതീരത്തുള്ള നാസിക്കിൽ വെച്ചാണ് വനവാസ കാലത്ത് ലക്ഷ്മണൻ രാക്ഷസിയായ ശൂർപ്പണഖയുടെ മൂക്ക് ഛേദിച്ചത്. ഇതോടെ അക്കാലത്ത് പഞ്ചവടി എന്ന് അറിയപ്പെട്ടിരുന്ന പ്രദേശം പിൽക്കാലത്ത് നാസിക് എന്ന് അറിയപ്പെടാൻ തുടങ്ങി.




## ദിവസം 2

### നാസിക് ദർശൻ

പ്രഭാതഭക്ഷണത്തിനു ശേഷം നാസിക് ദർശൻ ട്രിപ്പിനായി പുറപ്പെടുന്നു. സന്ദർശിക്കുന്ന സ്ഥലങ്ങൾ: മുക്തിധാം ബിർല മന്ദിർ, പഞ്ചവടിയിലെ നവക്ഷേത്രങ്ങൾ എന്നറിയപ്പെടുന്ന - കലാറം, ഗോറാരം, സീതാ ഗുഹ, കപാലേശ്വർ ക്ഷേത്രം, അരുണ-വരുണ-ഗോദാവരി സംഗമം, രാംകുണ്ഡ്, ശിവ മന്ദിർ, ഹനുമാൻ ക്ഷേത്രം എന്നിവ. തുടർന്ന് ത്രിംബകേശ്വർ ജ്യോതിർലിംഗ ക്ഷേത്രവും ആഞ്ജനേരി ഹനുമാൻ ക്ഷേത്രവും ദർശിക്കാനായി യാത്ര തിരിക്കുന്നു. വൈകിട്ട് തിരിച്ച് ഹോട്ടലിൽ ഡിന്നർ, താമസം.



### മുക്തിധാം ബിർല മന്ദിർ

നിരവധി ദേവപ്രതിഷ്ഠകളുള്ള ഒരു മാർബിൾ നിർമ്മിത ക്ഷേത്രമാണ് മുക്തിധാം. നാസിക്കിലെ നാസിക് റോഡ് സബർബനിലെ ഒരു പ്രധാന ആകർഷണമാണ് ഈ ക്ഷേത്രം. 12 ജ്യോതിർലിംഗങ്ങളുടെയും മാതൃകകൾ ഇവിടെയുണ്ട്. ഈ ജ്യോതിർലിംഗങ്ങൾ യഥാർത്ഥ ജ്യോതിർലിംഗങ്ങളുടെ അതേ അളവിൽ നിർമ്മിച്ചതും അതാത് ജ്യോതിർലിംഗങ്ങൾ സ്ഥിതി ചെയ്യുന്ന ക്ഷേത്രങ്ങളിൽ കൊണ്ടുപോയി പൂജ കഴിച്ച് കൊണ്ടുവന്നു സ്ഥാപിച്ചതുമാണ്. കൂടാതെ കൃഷ്ണചരിത്രത്തിലെയും മഹാഭാരതകഥയിലെും വിവിധ രംഗങ്ങളും ഭഗവദ്ഗീതയും ചിത്രീകരിച്ചിട്ടുള്ള ചുമരുകളോടു കൂടിയ ഒരു ശ്രീകൃഷ്ണക്ഷേത്രവും മുക്തിധാം സമുച്ചയത്തിൽ ഉണ്ട്.



### ആഞ്ജനേരി മലകൾ - ശ്രീ ഹനുമാന്റെ ജന്മസ്ഥാനം

ആഞ്ജനേരി മലകൾ ഹനുമാന്റെ മാതാവായ അഞ്ജനയുടെ പേരിലാണ് അറിയപ്പെടുന്നത്. ഹനുമാൻ ജനിച്ചത് ഇവിടെയാണ് എന്ന് വിശ്വസിക്കപ്പെടുന്നു. മറാഠി കവിയും സന്യാസിയുമായ ഏകനാഥൻ രചിച്ച ഭാവാർത്ഥ രാമായണത്തിൽ തനിയ്ക്ക് ഉത്തമനായ ഒരു കുഞ്ഞ് ലഭിക്കാനായി അഞ്ജനാദേവി ഇവിടെ 7000 വർഷം തപസ്സ് അനുഷ്ഠിച്ചതായി വിവരിക്കുന്നു. ഒടുവിൽ പരമശിവൻ പ്രത്യക്ഷപ്പെട്ട് താൻ അഞ്ജനയുടെ പുത്രനായി അവതരിക്കുമെന്ന് വരം നൽകുന്നു.

ത്രയംബകേശ്വറിനും നാസിക്കിനുമിടയിലെ ചരിത്രപ്രധാനമായ കോട്ടയാണ് ഗോദാവരി നദിക്കരയിലെ ആഞ്ജനേരിയിൽ സ്ഥിതി ചെയ്യുന്ന ആഞ്ജനേരി കോട്ട. ഇവിടെ ഗൗതമ മുനിയുടെ തപോവനമായും അറിയപ്പെടുന്നു.

### ത്രയംബകേശ്വര ക്ഷേത്രം

നാസിക്കിൽ നിന്നും 28 കിലോമീറ്റർ അകലെ ഗോദാവരി നദി ഉത്ഭവിക്കുന്ന ബ്രഹ്മഗിരി മലനിരകളിലാണ് ശ്രീ ത്രയംബകേശ്വര ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. 1740 മുതൽ 1760 വരെ ത്രയംബകേശ്വർ ഭരിച്ചിരുന്ന പേഷ്വാ ബാലാജി ബാജിറാവു മൂന്നാമനാണ് ഈ ക്ഷേത്രം പണി കഴിപ്പിച്ചത്. ഭാരതത്തിലെ 12 ജ്യോതിർലിംഗങ്ങളിൽ ഒന്ന് ഇവിടെയാണുള്ളത്.




## ദിവസം 3

**നാസിക്/സപ്തശൃംഗി/ഷിർദ്ദി**

നാസിക് ഹോട്ടലിലെ പ്രഭാതഭക്ഷണ ശേഷം സപ്തശൃംഗിയിലേക്കുള്ള യാത്ര ആരംഭിക്കുന്നു. ഇന്ത്യയിലെ 51 ശക്തിപീഠങ്ങളിൽ ഒന്നാണ് സപ്തശൃംഗി. സതീദേവി ഇവിടുത്തെ ഒരു പാറയ്ക്കു മുകളിൽ പ്രത്യക്ഷപ്പെട്ടതായി വിശ്വസിക്കപ്പെടുന്നു. ഫ്യൂനിക്കുലർ എന്നറിയപ്പെടുന്ന റെയിൽ വാഹനത്തിൽ കയറിയാണ് മലയ്ക്കു മുകളിലുള്ള ക്ഷേത്രത്തിൽ എത്തിച്ചേരുന്നത്. സപ്തശൃംഗി സന്ദർശിച്ചശേഷം ഷിർദ്ദിയിലേക്ക് യാത്ര തുടരുന്നു. ഷിർദ്ദിയിലെ സായിബാബ ക്ഷേത്രം സന്ദർശിച്ച ശേഷം ഹോട്ടലിൽ ഭക്ഷണം, വിശ്രമം.




## സപ്തശൃംഗി

വടക്കേ ഇന്ത്യയിലെ പ്രശസ്തമായ തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായ സപ്തശൃംഗിയിലേക്ക് നാസിക്കിൽ നിന്നും റോഡ് വഴി ഏതാണ്ട് 40 മിനുട്ട് ദൂരം മാത്രമേയുള്ളൂ. ഏഴ് കുന്നുകളുടെ ദേവത എന്നാണ് സപ്തശൃംഗി എന്ന പദത്തിന് അർത്ഥം. മഹാരാഷ്ട്രയിൽ സ്ഥിതി ചെയ്യുന്ന മൂന്നര ശക്തിപീഠങ്ങളിൽ ഒന്നാണ് ഇത്. സമുദ്രനിരപ്പിനു 4500 അടി മുകളിലായാണ് ഇത് സ്ഥിതി ചെയ്യുന്നത്.

### ഇന്ത്യയിലെ ആദ്യത്തെ ഫ്യൂനിക്കുലർ ട്രോളി

2 മിനുട്ട് കൊണ്ട് സന്ദർശകരെ 4500 അടി മുകളിലുള്ള ക്ഷേത്രത്തിൽ എത്തിക്കുന്ന ഫ്യൂനിക്കുലർ ട്രോളി ഇന്ത്യയിൽ ആദ്യത്തെതാണ്. ഇതിനുമുമ്പ് 510 പടികൾ കയറിയാണ് ഭക്തർ ക്ഷേത്രം സന്ദർശിച്ചിരുന്നത്.




## രാമായണവുമായുള്ള ബന്ധം

ദേവീശക്തിയുടെ കേന്ദ്രമാണെങ്കിലും സപ്തശൃംഗി രാമായണത്തിലും പരാമർശിക്കപ്പെടുന്നുണ്ട്. രാവണനുമായുള്ള യുദ്ധത്തിൽ മോഹലാസ്യപ്പെട്ടു വീണ ലക്ഷ്മണന് സഞ്ജീവനി മരുന്നിനായി ഹനുമാൻ ഇവിടെയെത്തിയതായി പറയുന്നു. ആയുർവേദ ഹോമിയോപ്പതി ചികിത്സയ്ക്കായി ഉപയോഗിക്കുന്ന നിരവധി അപൂർവ്വ മരുന്നുകൾ ഈ മലകളിൽ ഇപ്പോഴും സുലഭമാണ്.

വനവാസ കാലത്ത് ശ്രീരാമനും ലക്ഷ്മണനും സീതാദേവിയും സതീദേവിയുടെ അനുഗ്രഹം തേടി ഇവിടെയെത്തിയതായി ചില പുരാണങ്ങൾ വിശദീകരിക്കുന്നു.

## ശക്തിപീഠങ്ങൾ

ശിവനെ വിവാഹം ചെയ്തതിനാൽ പിതാവിനാൽ ഉപേക്ഷിക്കപ്പെട്ട സതി പിതാവ് നടത്തുന്ന യാഗത്തിന് ക്ഷണിക്കപ്പെടാതെ പോവുന്നു. വിളിക്കാതെ വന്നു കയറിയ സതിയെ പിതാവ് ക്രൂരമായ വാക്കുകളാൽ അപമാനിക്കുന്നു. ഇതിൽ മനം നൊന്ത സതി യജ്ഞാഗ്നിയിൽ ചാടി ആത്മഹത്യ ചെയ്യുന്നു. വിവരമറിഞ്ഞ ശിവൻ അത്യധികം ദുഃഖിതനും കോപാകുലനും ആയിത്തീർന്നു. അദ്ദേഹം സതിയുടെ ശരീരവും ചുമലിലെടുത്ത് പ്രപഞ്ചം വലംവെയ്ക്കാൻ ആരംഭിച്ചു. ഇതറിഞ്ഞ മഹാവിഷ്ണു തന്റെ സുദർശന ചക്രത്താൽ സതിയുടെ ശരീരം 51 കഷണങ്ങളാക്കി മുറിച്ചു. ഓരോ ശരീരഭാഗവും ഭൂമിയുടെ വ്യത്യസ്ത ഇടങ്ങളിൽ പതിച്ചു. ഈ പതിച്ച ഇടങ്ങളാണ് ശക്തിപീഠങ്ങളായി കണക്കാക്കുന്നത്. സപ്തശൃംഗിയിലാണ് സതിയുടെ വലതു കരം പതിച്ചത്. അതിനാൽ ഇത് സുപ്രധാനമായ ഒരു ശക്തിപീഠമായി കണക്കാക്കപ്പെടുന്നു.




## ഷിർദ്ദി സായിബാബ

"ഈ ലോകത്ത് പുതുതായി എന്താണുള്ളത്. ഒന്നുമില്ല. പഴയത് എന്താണുള്ളത് ഒന്നുമില്ല. എല്ലാം ഇവിടെ ഉണ്ടായിരുന്നു, ഉണ്ടായിരിക്കുകയും ചെയ്യും".

ഷിർദ്ദി സായിബാബ



മഹാരാഷ്ട്രയിലെ ചെറിയ ഗ്രാമമായ ഷിർദ്ദിയിലാണ് ബാബ തന്റെ യൗവനകാലം ചിലവഴിച്ചത്. പരിചയമില്ലാത്തവർക്ക് അദ്ദേഹം കീറിയ വസ്ത്രം ധരിച്ച, യാതൊന്നിനോടും പ്രത്യേക മമതയില്ലാത്ത ഒരു ദരിദ്രയാചകനായിരുന്നു. ഹിന്ദുവാണെന്നോ മുസൽമാനാണെന്നോ മറ്റേതെങ്കിലും മതവിശ്വാസിയാണെന്നോ അദ്ദേഹം അവകാശപ്പെട്ടില്ല. ജീർണ്ണിച്ച, മേൽക്കൂരയില്ലാത്ത ഒരു മുസ്ലീംപള്ളിയിലാണ് അദ്ദേഹം ജീവിച്ചത്. എല്ലാ ദിവസവും വീടുകൾ തോറും തന്റെ ഭിക്ഷാപാത്രവുമായി നടന്ന് അന്നന്നേയ്ക്ക് ആവശ്യമുള്ള ഭക്ഷണം മാത്രം ശേഖരിച്ചു. ഈ ജീവിതചര്യയിലൂടെ അദ്ദേഹം തന്റെയും തന്നെ സമീപിച്ചവരുടെയും കർമ്മഫലങ്ങൾ നശിപ്പിക്കുകയാണ് ചെയ്തതെന്ന് പറയപ്പെടുന്നു. ഇതിന്റെ പ്രതീകമെന്നോണം ധുനി എന്നറിയപ്പെട്ട ഒരു അഗ്നികുണ്ഡം താൻ താമസിയ്ക്കുന്ന ഇടത്ത് ബാബ ജ്വലിപ്പിച്ചു നിർത്തി. ബാബ 1918 ൽ ശരീരം വെടിഞ്ഞെങ്കിലും മഹാസമാധിയ്ക്കു മുമ്പും പിമ്പും നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.



### ഷിർദ്ദി

സന്യാസിയായ ശ്രീ സായിബാബയുടെ പ്രവർത്തന കേന്ദ്രം എന്ന നിലയ്ക്ക് ആഴമേറിയ വിശ്വാസവും ഭക്തിയും പ്രസരിക്കുന്ന തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നാണ് ഷിർദ്ദി. ബാബയുടെ വിശ്വാസികളും ഭക്തന്മാരും ലോകമാകെ പടർന്നതോടെ ഷിർദ്ദി എന്ന ഈ കൊച്ചുപട്ടണവും പ്രശസ്തി നേടി. സായിബാബ മനുഷ്യമനസ്സുകളെ ദൈവത്തിലേക്കുയർത്താനായി തന്റെ പ്രവർത്തനകാലം മുഴുവൻ ചെലവിട്ടത് ഷിർദ്ദിയിലായിരുന്നു. വിവിധ മതവിശ്വാസികൾ ബാബയുടെ ജ്വലിക്കുന്ന ഓർമ്മയ്ക്കു മുന്നിൽ പ്രണാമം അർപ്പിക്കാനായി ഇവിടെ എത്താറുണ്ട്. ബാബയുടെ ജീവിതവുമായി ബന്ധപ്പെട്ട ഖണ്ഡോബ ക്ഷേത്രം, ദ്വാരകാമയി പള്ളി, മസോബ ക്ഷേത്രം, ശ്രീ സായിബാബ സമാധി എന്നിവയെല്ലാം ഇവിടെ ഒരു കിലോമീറ്റർ ദൂരത്തിനുള്ളിൽ ദർശിക്കാനാവും.




## ദിവസം 4

**ഷിർദ്ദി/എല്ലോറ ഗുഹാക്ഷേത്രങ്ങൾ/ഔറംഗബാദ്**

പ്രഭാത ഭക്ഷണം ചെക്കൗട്ട് എന്നിവയ്ക്കു ശേഷം ഔറംഗബാദ് ജില്ലയിലേക്ക് (ഔറംഗബാദിന്റെ പുതിയ പേര് ഛത്രപതി സാംബാജി നഗർ എന്നാണ്) എല്ലോറയിലെ ഗുഹാക്ഷേത്രങ്ങൾ കാണാനായി യാത്ര തിരിക്കുന്നു. 6ാം നൂറ്റാണ്ടു മുതൽ അതാതു കാലത്ത് ഇന്ത്യയിൽ നിലനിന്നിരുന്ന വിവിധ മതങ്ങളുടെ ശാസനങ്ങളും ബിംബങ്ങളും ഉൾക്കൊള്ളുന്ന, അതിശയകരമായ കരവിരുതോടെ നിർമ്മിക്കപ്പെട്ട ഗുഹാക്ഷേത്ര സമുച്ചയമാണ് എല്ലോറ. ചരണാദ്രി മലമടക്കുകളിൽ ഉദ്ഖനനം ചെയ്തെടുത്ത 100ൽ ഏറെ ഗുഹകൾ ഇവിടെയുണ്ട്. ഇവയിൽ 34 എണ്ണത്തിലാണ് പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചിട്ടുള്ളത്. എല്ലോറ ഗുഹകൾ സന്ദർശിച്ച ശേഷം ഔറംഗബാദ് നഗരത്തിലേക്ക് തിരിക്കുന്നു. വഴിയിൽ ദൗലത്താബാദ് കോട്ട, ശയിക്കുന്ന ഭദ്രമാരുതി ഹനുമാൻ ക്ഷേത്രം, മിനി താജ്മഹൽ എന്നിവ കൂടി സന്ദർശിച്ച ശേഷം ഔറംഗബാദ് ഹോട്ടലിൽ ഭക്ഷണം, വിശ്രമം.



### ബീബി കാ മകാബറ

ബീബി കാ മകാബറ അഥവാ ബീബിയുടെ കല്ലറ ഔറംഗബാദ് നഗരത്തിൽ സ്ഥിതി ചെയ്യുന്നു. മുഗൾ ചക്രവർത്തിയായിരുന്ന ഔറംഗസീബിന്റെ പുത്രൻ അസം ഷാ തന്റെ മാതാവിന്റെ ഓർമ്മയ്ക്കായാണ് ഈ കല്ലറ നിർമ്മിച്ചത്. ആഗ്രയിലെ ടാജ്മഹലുമായി ഇതിനുള്ള സാമ്യം കാരണം മിനി ടാജ്മഹൽ എന്നാണ് ഇത് അറിയപ്പെടുന്നത്.



### ഭദ്രമാരുതി ക്ഷേത്രം

ഔറംഗാബാദിനു സമീപത്തായുള്ള ഖുൽദാബാദിലാണ് ശയിക്കുന്ന നിലയിലുള്ള ഹനുമാൻ വിഗ്രഹമുള്ള ഭദ്രമാരുതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഭാവസമാധിയിൽ ശയിക്കുന്ന രൂപത്തിലുള്ള ഇന്ത്യയിലെ 3 ഹനുമാൻ ക്ഷേത്രങ്ങളിൽ ഒന്നാണ് ഇത്. മറ്റുള്ളവ അലഹാബാദിലും മദ്ധ്യപ്രദേശിമാണ് ഉള്ളത്.

### ദൗലത്താബാദ് കോട്ട

ഔറംഗബാദിനു സമീപം ദൗലത്താബാദ് ഗ്രാമത്തിലാണ് ചരിത്രപ്രധാനമായ ദൗലത്താബാദ് കോട്ട സ്ഥിതി ചെയ്യുന്നത്. ഒമ്പതാം നൂറ്റാണ്ടു മുതൽ പതിനാലാം നൂറ്റാണ്ടു വരെ ഭരിച്ച യാദവരുടെ കോട്ടയായിരുന്നു ഇത്. പിന്നീട് ചെറിയ കാലം കോട്ട ഡൽഹി സുൽത്താൻമാരുടെ പിടിയിലായി. ഒടുവിൽ അഹമ്മദ്നഗർ സുൽത്താന്മാരുടെ രണ്ടാമത്തെ ഭരണ സിരാകേന്ദ്രമായി.




4N 5D

# AJANTA ELLORA





## എല്ലോറ ഗുഹാക്ഷേത്രങ്ങൾ

മുംബെ നഗരത്തിൽ നിന്നും നിന്ന് 300 കിലോമീറ്റർ വടക്കു കിഴക്കായി സ്ഥിതി ചെയ്യുന്ന എല്ലോറ ഗുഹാക്ഷേത്രങ്ങൾ ഒരു യുനെസ്കോ വേൾഡ് ഹെറിട്ടേജ് സൈറ്റാണ്. ഇത് ലോകത്തിലെ തന്നെ ഏറ്റവും വലിയ ഹിന്ദു ഗുഹാക്ഷേത്ര സമുച്ചയമാണ്. ഇന്ത്യയുടെ പരമ്പരാഗത ശിലാശില്പ ചാതുര്യം വെളിവാക്കുന്ന ഇവിടെ നിരവധി ബുദ്ധ, ജൈനമതക്കാരുടെ ഗുഹകളും കാണപ്പെടുന്നു. ഇതിൽ 16ാമത്തെ ഗുഹാക്ഷേത്രമാണ് ലോകപ്രശസ്തമായ ഒറ്റക്കല്ലിൽ തീർത്ത ശിവക്ഷേത്രമായ കൈലാസക്ഷേത്രം.

ഇവിടെ 17 ഹിന്ദു ഗുഹാക്ഷേത്രങ്ങളും 12 ബുദ്ധക്ഷേത്രങ്ങളും 5 ജയിൻ ഗുഹാക്ഷേത്രങ്ങളും ഉണ്ട്.




## ദിവസം 5

**അജന്ത ഗുഹകൾ**

പ്രഭാത ഭക്ഷണത്തിനു ശേഷം ചെക്കൗട്ട് ചെയ്ത് അജന്താ ഗുഹകൾ കാണാനായി പുറപ്പെടുന്നു. കൃസ്തുവർഷത്തിനു മുമ്പ് രണ്ടാം നൂറ്റാണ്ടു മുതൽ കൃസ്തുവർഷം നാലാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തിൽ ബുദ്ധമത വാസ്തുശില്പ രീതിയിൽ പണി ചെയ്യപ്പെട്ട 30 ഗുഹകളാണ് ഇവ. ഇവയിൽ ഗുഹാക്ഷേത്രങ്ങൾ, മതപഠന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നു. അജന്താ ഗുഹകൾ സന്ദർശിച്ച ശേഷം തിരിച്ച് എയർപോർട്ടിലേക്ക്. തുടർന്ന് ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിന്റെ അവിസ്മരണീയ സ്മരണകളുമായി നാട്ടിലേക്ക്.





## അജന്താ ഗുഹകൾ

ബുദ്ധമത കാലഘട്ടത്തിന്റെ അനുപമ ശില്പചാതുര്യമായി ലോകമെങ്ങും വിശേഷിപ്പിക്കപ്പെടുന്ന അജന്താ ഗുഹകൾ ഇന്ത്യയിലെ മറ്റൊരു പ്രധാന യുനെസ്കോ വേൾഡ് ഹെറിട്ടേജ് സൈറ്റാണ്. ശില്പങ്ങളും ചിത്രകലയും കൊണ്ട് ഓരോ ഗുഹയും ഒന്നിനൊന്ന് മികച്ചു നിൽക്കുന്നു. ഇവ പുരാതന ആരാധനാലയങ്ങളും, മതപഠന കേന്ദ്രങ്ങളും പ്രാർത്ഥനാ ഹാളുകളും ആയിരുന്നുവെന്ന് ചരിത്രകാരന്മാർ വിലയിരുത്തുന്നു. ബുദ്ധവിഗ്രഹങ്ങൾക്കു പുറമെ ബുദ്ധന്റെ പൂർവ്വ ജന്മങ്ങളുടെയും ജാതകമാല കഥകളുടെയും ചിത്രീകരണവും ഈ ഗുഹകളിൽ കാണാം.




## Package Inclusions

B/F- Dinner

- Air tickets/ Train tickets
- 02 Night stay at Ginger /Equivalent at Nashik
- 01 Night stay at Sapphero Resorts /Equivalent at Shridi
- 01 Nights stay at Ginger /Equivalent at Aurngabad
- Breakfast, and Dinner at the hotel
- Tours and sightseeing as mentioned in the itinerary
- All entry tickets for sight seeing
- Pick up, Drop and Sightseeing in Private A/c Coach (Please note: A/c will not work at hilly areas)
- Complimentary 1 bottle of water during sightseeing
- Assistance on all arrival and departure transfers
- Road taxes, parking fees, fuel charges, and interstate taxes

## Package Exclusions

- Expenses of personal nature like tipping, laundry, telephone/fax calls, alcoholic/non alcoholic beverages
- VIP passes and Darshan passes
- Lunch and any other meal plan not mentioned in the inclusion.
- Camera/video camera fee at monuments, medical expenses, airport departure tax, any insurance, etc.
- Hotel surcharges if any
- Porter age at all hotels, railway stations & airports.
- Any other services not mentioned in the inclusions

## For bookings & more information:

**Call:+91 7012448988, 9526001926**

Package ID:EH/AJE/2026

kerala God's Own Country
Kerala Inbound DMC Packages
KTDC www.ktdc.com
Book KTDC Hotels through us
www.embraceholidays.com /embraceholidays /embraceholidays
Embrace™ HOLIDAYS




## Terms and Conditions

Embrace Holidays reserves the right to amend, alter, postpone or cancel any of the tours announced or advertised, without assigning any reason. In case of a complete cancellation, money paid by the tour participant will be refunded deducting the third party or vendor booking charges like air tickets, but no compensation claim will be entertained. In case of unforseen situations, natural or man-made, like, acts of God, riots, wars, accidents, embargo, terror attacks, coup, strike, natural calamities, bad weather or unforeseen circumstances, premature cancellations or no show - all these will be entirely to the customer account and no claim / refund for the same shall be accepted. Company reserves the right to change / modify / vary and alter the tour itinerary if it becomes necessary. In such cases, compensations or claiming of refunds by the tour participant will not be entertained for limitation and also for the non-availability of certain services including parks, museums, restaurants,sightseeing shopping etc. even though included in tour itinerary. The tariff of the tour quoted is calculated as per the rates prevailing at the time of quoting it. Embrace Holidays reserves the right to change the tariff in the event of modification / alteration / change / variation in the said rates before the date of departure. Tour tariff is based on departure from Cochin,unless specifically mentioned the boarding destination. Group tour costs are based on a minimum 20, 25 or 30 passengers travelling together in the group and minimum number of FIT tours are 2. In a group tour, if there is a drastic fall in the number, then the offered itinerary, meal plan, vehicle and other services may change accordingly. In case of non-availability of rooms in same hotel, Company has the right to split the accommodation in different hotels for a group. Hotel accommodation is generally provided on Twin sharing basis in standard rooms and the third bed is often a roll-away mattress put in a twin-bedded room. Single passengers, should share a room either on a twin or triple sharing basis depending on the booking. If we do not have another single person to share with, an additional cost will be applicable. Air conditioning, central heating and other facilities are provided by the hotels depending upon various factors including weather / climatic conditions, local systems, tour type, etc. As a Holiday company / Tour Operator, Embrace Holidays does not have any control over Airlines, Railways, Coach Companies, Shipping Companies, Hotels, Local Transport or any other facilities, provided by the third parties. The company is not responsible for the delays or deficiencies in the services provided by outside agencies. Also please be aware of that the company does not have any control on holidays, schedules of opening and closing timings, entry ticket rates etc. of the tourist attractions. In the computerized reservation system of Indian Railways/Airlines, the berths / seats once reserved cannot be changed. Tour participants will have to travel by the same berth/seat as mentioned in the ticket, issued by Indian Railways/Airline. Company shall not be responsible for any loss, damage or injury to person, property, or otherwise in connection with any accommodation, transportation or other services, resulting-directly or indirectly- from any act of dangers, fire, accident break- down in machinery or equipment, breakdown of transport, wars, civil disturbances, strikers, riots, thefts, pilferages, epidemic, medical or custom department regulations, defaults or any other causes. Tour cancellations, or modifications by any participant should be in email to our official mailbox.

**Please read our full Terms and Conditions, on: https://embraceholidays.com/official/terms**
**By purchasing/booking a service/product from Embrace Holidays it is assumed that you agree to these terms and conditions.**

## Cancellation Policy

| **Period of Cancellation** | **Cancellation Charges** |
|---|---|
| Booking Advance: | 100% of the booking advance. (If not otherwise mentioned, the first payment shall be considered as Booking advance, exclusive of air, land and water travel tickets.) |
| 46 days & above before departure: | 25% of the total tour cost or booking advance whichever is higher. |
| 45-21 days: | 50% of the total tour cost or booking advance whichever is higher. |
| 20 -15 days: | 75% of the total tour cost or booking advance whichever is higher. |
| 14 -0 days before departure: | 100% of the total tour cost. |
| Air tickets taken separately exclusive of package cost | As per Airline policy / 100% non-refundable within 30 days. |
| Train /Bus / Ferry / Cruise tickets: | As per the policy of the concerned provider. |
| Visa: | Non-refundable. |
| Insurance: | Non-refundable. |

The above mentioned cancellation policy is applicable on total tour cost. GST & TCS to be paid additional over and above the cancellation charges. Booking advance will not be refunded under any circumstances. In case of a part payment, whatever the amount paid at the time of cancellation will be considered as the total tour cost. It has been clarified that the cancellations are non-transferable and cannot be applied towards future bookings. Embrace Holidays reserves the right to modify the cancellation policy at any time, with or without prior notice, at its sole discretion.

* images are indicative only.
* All booking confirmations are subject to availability.
* For all claims, disputes of whatsoever nature relating to the tours the courts, forums and tribunals in Kozhikode alone shall have exclusive jurisdiction.

**Our packages does not generally include travel insurance. However, we strongly recommend travelers to get covered with a suitable travel insurance policy before they embark on their holiday trips. Contact us for any assistance in buying a policy from our empanelled Insurance Companies.**


Embrace HOLIDAYS™

For bookings & more information :
**Call : +91 7012 448 988, 952 600 1926**

9/1585-B1, Second Floor, Reema Complex,
Post Karaparamba, PIN: 673010
Kozhikode, Kerala, India.
**+91 9526001926, 97466 01926, 7012448988**
info@embraceholidays.com, embraceholidays@gmail.com
www.embraceholidays.com

/embraceholidays /embraceholidays


**Bank Account Details:**

Name : Embrace Holidays
Account No : 248905001333
Bank : ICICI Bank
Karaparamba, Kozhikode
IFSC : ICIC0002489

ICICI Bank

Transfer the money to the given bank account. You can use Bank Transfer through NEFT, RTGS or any UPI platforms.

Kerala Inbound DMC Packages | Booking Partner: www.ktdc.com | Member: KERALAITES TRAVELS AND TOURS CONSORTIUM | Member: | Member: | Ticketting Partner:

**4.9 STAR** CUSTOMER RATING Google